# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1271** | **02.03.2017-ന് മറുപടിയ്ക്ക്** |

## <u>പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ നടപടി</u>

| <u>ചോദ്യം</u><br>ശ്രീ.തോമസ് ചാണ്ടി | <u>മറുപടി</u><br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (എ) സംസ്ഥാനത്തെ പൊതുവിദ്യാസം ശക്തിപ്പെടുത്താൻ സർക്കാർ വിഭാവനം ചെയ്തിട്ടുള്ള 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന കർമ്മ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.<br>1) ആയിരം സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.<br>2) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.<br>3) എൽ.പി., യു.പി. ക്ലാസ്സുകളിൽ പൊതുവിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിതമായ വികസനം ഉറപ്പാക്കുക.<br>4) 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകും. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകും. അടുത്ത 2 വർഷം കൊണ്ട് |

രണ്ടാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ഓരോ ജില്ലയിലും 5 സ്കൂളുകൾ ഒന്നാമത്തെ പ്രധാന ഉപഘടകത്തിന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

| | |
|---|---|
| (ബി) എല്ലാ സർക്കാർ ഹൈസ്കൂളുകളിലും ഹയർസെക്കന്ററി സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; | (ബി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) എല്ലാ സർക്കാർ സ്കൂളുകളിലും വൃത്തിയുള്ള ശുചിമുറികൾ ഉൾപ്പെടെ എല്ലാ സൗകര്യങ്ങളും സമയബന്ധിതമായി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കാമോ; | (സി) ബജറ്റ് വിഹിതത്തിന്റെ ലഭ്യതയനുസരിച്ച് എല്ലാ സർക്കാർ സ്കൂളുകളിലും വൃത്തിയുള്ള ശുചിമുറികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങൾ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ